"ഭരണഭാഷ- മാതൃഭാഷ"

YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - ജീവനക്കാര്യം - ഗ്രാമവികസന വകുപ്പിലെ അഡീഷണൽ ഡവലപ്മെന്റ് കമ്മീഷണറായ ശ്രീ. ബിജോയ് കെ. വർഗീസിന് കെ എസ് ആർ ആർ ഡി എ യിൽ എംപവേർഡ് ഓഫീസർ തസ്തികയിൽ നിയമനം നൽകി ഉത്തരവാകുന്നു

---

**തദ്ദേശസ്വയംഭരണ (ഇആർഎ) വകുപ്പ്**

സ.ഉ.(സാധാ) നം.478/2022/LSGD തീയതി,തിരുവനന്തപുരം, 27-02-2022

---

പരാമർശം:- ഗ്രാമവികസന കമ്മീഷണറുടെ 14.02.2022 തീയതിയിലെ 453/എസ്റ്റാ.എ1/സിആർഡി/2022 നമ്പർ കത്ത്

**ഉത്തരവ്**

01.07.2021 മുതൽ അവധിയിൽ തുടർന്നുവരുന്ന ശ്രീ ബിജോയ് കെ.വർഗീസ് അഡീഷണൽ ഡവലപ്മെന്റ് കമ്മീഷണർ, അവധി കഴിഞ്ഞു 02.03.2022ൽ തിരികെ മാതൃവകുപ്പിൽ പ്രവേശിക്കുന്നതിന് മുൻകൂറായി അപേക്ഷ സമർപ്പിച്ചിട്ടുണ്ടെന്നും ടിയാന് കെ എസ് ആർ ആർ ഡി എ യിൽ എംപവേർഡ് ഓഫിസറായ ഡോ. പി.കെ.സനിൽ കുമാർ 28/2/2022ന് സർവീസിൽ നിന്ന് വിരമിക്കുന്നതു കൊണ്ടുണ്ടാകുന്ന ഒഴിവിൽ നിയമനം നൽകണമെന്നും പരാമർശപ്രകാരം ഗ്രാമവികസന കമ്മീഷണർ ശിപാർശ ചെയ്തിട്ടുണ്ട്.

മേൽ സാഹചര്യത്തിൽ കെ എസ് ആർ ആർ ഡി എ യിൽ എംപവേർഡ് ഓഫീസർ തസ്തികയിൽ സേവനമനുഷ്ഠിക്കുന്ന ഡോ.പി.കെ സനിൽകുമാർ 28.02.2022ൽ സേവനത്തിൽ നിന്നും വിരമിക്കുന്നതിനാൽ ഉണ്ടാകുന്ന ഒഴിവിൽ, അവധി കഴിഞ്ഞു 02.03.2022ൽ വകുപ്പിൽ പുനഃപ്രവേശിക്കുന്ന ശ്രീ. ബിജോയ് കെ. വർഗീസിന് എംപവേർഡ് ഓഫീസർ, കെ എസ് ആർ ആർ ഡി എ ആയി നിയമനം നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
BALUMAHENDRA B
അണ്ടർ സെക്രട്ടറി

ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം.
ശ്രീ.ബിജോയ് കെ.വർഗീസ്,അഡീഷണൽ ഡെവലപ്മെന്റ് കമ്മീഷണർ (ഗ്രാമവികസന കമ്മീഷണർ മുഖേന)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരളം, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരളം, തിരുവനന്തപുരം/തൃശ്ശൂർ.
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്. (സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിനായി)

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ